**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1248** **04-07-2022 - ൽ മറുപടിയ്ക്ക്**

**നെന്മാറ മണ്ഡലത്തിലെ റെയിൽവേ മേൽപ്പാലത്തിന്റെ പ്രവർത്തന പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | നെന്മാറ മണ്ഡലത്തിലെ ഊട്ടറ പാലത്തിന്റെയും ഊട്ടറ റെയിൽവേ മേൽപ്പാലത്തിന്റെയും നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് പ്രവർത്തന പുരോഗതി വിശദമാക്കുമോ; | (എ) | പാലക്കാട് ജില്ലയിലെ ഊട്ടറ പുഴപ്പാലത്തിന്റെയും, റെയിൽവേ മേൽപ്പാലത്തിന്റെയും നിർമ്മാണത്തിനായി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി സ.ഉ(സാധാ)നം.942/2017/പൊ.മ.വ തീയതി 10.07.2017 പ്രകാരം സർക്കാർ ഭരണാനുമതി നൽകുകയും ആർ.ബി.ഡി.സി. കെ.-യെ എസ്.പി.വി. ആയി ചുമതലപ്പെടുത്തുകയും ചെയ്തു. വിശദമായ പഠനങ്ങൾക്ക ശേഷം തയ്യാറാക്കിയ ഡി.പി.ആർ, ആർ.ബി.ഡി.സി.കെ. കിഫ്ബി- യിൽ സമർപ്പിക്കുകയും 11.02.2020 ന് കിഫ്ബി 10.61 കോടി രൂപ പുഴപ്പാലത്തിന്റെ സ്ഥലമെടുപ്പിനും നിർമ്മാണത്തിനും റെയിൽവേ മേൽപ്പാലത്തിന്റെ സ്ഥലമെടുപ്പി- നുമായി അനുവദിക്കുകയും ചെയ്തു. പദ്ധതിക്ക് ആവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിന് പാലക്കാട് ജില്ലാ കളക്ടർക്ക് 16.12.2020-ന് അർത്ഥന പത്രം സമർപ്പിക്കുകയും സ.ഉ(സാധാ)നം. 828/2021/RD തീയതി 27.01.2021 സർക്കാർ ഉത്തരവ് പ്രകാരം സ്ഥലം ഏറ്റെടുക്കുന്നതിന് ഭരണാനുമതി റവന്യൂ വകുപ്പിൽ നിന്ന് ലഭിക്കുകയും ചെയ്തു. പദ്ധതി പ്രദേശത്തിന്റെ അതിർത്തികല്ലുകൾ സ്ഥാപിച്ച് 28.06.2021-ന് എൽ.എ. ഉദ്യോഗസ്ഥരുമായി സംയുക്ത പരിശോധന നടത്തുകയും, 11.10.2021 ന് 4(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുകയും 26.11.2021 ൽ ലാന്റ് അക്വിസിഷൻ ഓഫീസർ ആവശ്യപ്പെട്ട പ്രകാരം കണ്ടിജൻസി ചാർജ്ജ് റിലീസ് ചെയ്യുകയും ചെയ്തിട്ടുള്ളതാണ്. സാമൂഹ്യപ്രത്യാഘാത പഠനത്തോട് അനുബന്ധിച്ചുള്ള പബ്ലിക് ഹിയറിംഗ് 20.12.2021-ൽ നടത്തുകയും, 07.02.2022-ൽ വിദഗ്ധ സമിതി മീറ്റിംഗ് നടത്തുകയും ചെയ്തിട്ടുള്ളതാണ്. നിലവിൽ പദ്ധതിയുടെ 11(1) കരട് വിജ്ഞാപനം ജില്ലാ കളക്ടർ അംഗീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. |

| | | | |
|---|---|---|---|
| | | | റെയിൽവേ മേൽപ്പാലത്തിന്റെ ജി.എ.ഡി. അംഗീകാരത്തിനായി റെയിൽവേ ഉദ്യോഗസ്ഥരുമായി സംയുക്ത സ്ഥല പരിശോധന നടത്തുകയും ആവശ്യമായ തിരുത്തലുകൾ വരുത്തിയ ശേഷം 13.06.2022 ൽ ചീഫ് ബ്രിഡ്ജ് എഞ്ചിനീയർ, സതേൺ റെയിൽവേ ചെന്നൈയ്ക്ക് സമർപ്പിക്കുകയും ചെയ്തിട്ടുള്ളതാണ്. |
| (ബി) | പ്രസ്തുത പാലങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ? | (ബി) | ഊട്ടറ പുഴപ്പാലത്തിന് ആകെ 3 കക്ഷികളിൽ നിന്നാണ് സ്ഥലം ഏറ്റെടുക്കേ- ണ്ടതായിട്ടുള്ളത്. 11(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുന്ന മുറയ്ക്ക് ടി കക്ഷികളിൽ നിന്നും മുൻകൂറായി സ്ഥലം വിട്ടുതരുന്നതിനുള്ള സമ്മതപ്രത്രം വാങ്ങി പുഴപ്പാലം ടെണ്ടർ ചെയ്യാവുന്നതാണ്. റെയിൽവേ മേൽപ്പാലത്തിന്റെ സ്ഥലമേറ്റെടുത്ത് ആർ.ബി.ഡി.സി.കെ.-ക്ക് കൈമാറുകയും കിഫ്ബിയിൽ നിന്നും അംഗീകാരം ലഭിക്കുകയും ചെയ്യുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ ആരംഭിക്കാൻ കഴിയും. |

സെക്ഷൻ ഓഫീസർ